**ശ്രദ്ധക്ഷണിക്കൽ**

തീരദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ കടലോരത്തെയും കായലോരത്തേയും പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിലും മുഖ്യമന്ത്രിയിലൂടെ കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഫെബ്രുവരി 15 മുതൽ 28 വരെ കേരളത്തിലെ മുഴവൻ തീരദേശ ഗ്രാമങ്ങളിലൂടെ 12 ദിവസത്തോളം നടത്തിയ മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ യാത്രയിൽ തീരപ്രദേശത്തെ ജനങ്ങൾ പ്രകടിപ്പിച്ച വികാരങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരടക്കം ഈ തീരദേശയാത്രയിൽ വിവിധ സ്ഥലങ്ങളിൽ പങ്കെടുക്കുകയുണ്ടായി. ഇന്ന് ഏറ്റവും കൂടുതൽ ഭയത്തോടുകൂടിയാണ് തീരദേശ ജനത കഴിയുന്നത്. ഈ സഭയിൽത്തന്നെ ചർച്ചയ്ക്കുവേണ്ടി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി പ്രത്യേകമായി നോട്ടീസ് നൽകിയിട്ടുള്ള ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും

തള്ളിക്കളയണം. ആ റിപ്പോർട്ട് വളരെവലിയ അപകടകരമായ നിലയിൽ പരമ്പരാഗത മത്സ്യബന്ധനത്തെ പൂർണ്ണമായും തിരസ്കരിക്കുന്ന രീതിയിലുള്ള ഒന്നാണ്. ഈ സഭയിൽ ചർച്ചചെയ്യാൻ പോകുന്ന ഒന്നായതുകൊണ്ടും ചർച്ചയിൽ ബാക്കി കാര്യങ്ങൾ പറയാൻ പറ്റുമെന്നുള്ളതുകൊണ്ടും ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരായി സംസ്ഥാന ഗവൺമെന്റ് വളരെ ശക്തമായ നിലപാട് സ്വീകരിക്കണം. ഒരു കാരണവശാലും അതംഗീകരിക്കാൻ പാടില്ല. അതിനേക്കാൾ ഗുരുതരമാണ് 2014 നവംബർ 12, 28 എന്നീ തീയതികളിലായി കേന്ദ്രഗവൺമെന്റ് ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉത്തരവും പബ്ലിക് നോട്ടീസും പുറപ്പെടുവിച്ച കാര്യം. കോൺഗ്രസ് ഗവൺമെന്റ് യു.പി.എ. ഭരിച്ച സന്ദർഭത്തിൽ 100 നോട്ടിക്കൽ മൈലിനപ്പുറത്താണ് വിദേശ കപ്പലുകളുൾപ്പെടെയുള്ള വൻകിട വെസലുകൾക്ക് മത്സ്യബന്ധനത്തിനുള്ള അവകാശമുണ്ടായിരുന്നത്. അത് 12 നോട്ടിക്കൽ മൈലായി ചുരുക്കിക്കൊണ്ട് ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനേക്കാൾ വളരെ ഗുരുതരമാണിത്. 12 നോട്ടിക്കൽ മൈൽ എന്നുപറഞ്ഞാൽ നമ്മുടെ പരമ്പരാഗത മത്സ്യതൊഴിലാളികൾ

മത്സ്യബന്ധനത്തിന് പോകുന്ന ദൂരമാണ്. അത് ഉത്തരവായി ഇറങ്ങുകയും അതിന്റെ ഭാഗമായുള്ള പബ്ലിക് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തു. അതുപ്രകാരം നമ്മുടെ സംസ്ഥാനത്തുനിന്നും ബോട്ടുകളിലും വള്ളങ്ങളിലുമൊക്കെ മത്സ്യബന്ധനത്തിന് പോകുന്ന ആളുകൾ മത്സ്യം പിടിച്ചാൽ അത് കടലിൽവച്ചുതന്നെ പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള പബ്ലിക് നോട്ടീസും കേന്ദ്രഗവൺമെന്റ് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. അത് പിൻവലിക്കണം. അത് പിൻവലിക്കണമെന്നാവശ്യപ്പെടുന്നതിന് കേരള ഗവൺമെന്റ് പ്രത്യേകമായ താൽപ്പര്യമെടുക്കണം. കേന്ദ്രത്തിൽ ഇക്കാര്യം സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഡോ. സെയ്തറാവു കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ അറിയാം, കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധനത്തെ വളരെ ഗുരുതരമായി ബാധിക്കുന്നതാണ്. ഈ തീരപരിപാലന നിയമം കഴിഞ്ഞ തവണ സഭ ചർച്ച ചെയ്തതാണ്. നിരവധി തവണ ഈ സഭ ചർച്ച ചെയ്തതാണ്. തീരപരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കായലോരത്തും കടലോരത്തും ചെറിയ കൂരപോലും വയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ നിയമം മാറ്റണമെന്നാവശ്യപ്പെട്ടിട്ടും ഇതുവരെ കേന്ദ്രഗവൺമെന്റ് മാറ്റിയിട്ടില്ല.

ആയിരക്കണക്കിനാളുകളാണ് വീടുവയ്ക്കാൻ സാധിക്കാതെ ദുരന്തമനുഭവിക്കുന്നത്. അതിനേക്കാൾ ഗുരുതരമായ ഒന്നാണ് മണ്ണെണ്ണയുമായി ബന്ധപ്പെട്ട കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രധാനമന്ത്രിയെ നേരിട്ട് ഡൽഹിയിൽപോയി കണ്ടാണ് കഴിഞ്ഞ പ്രാവശ്യം മണ്ണെണ്ണ പെർമിറ്റ് വെട്ടിക്കുറച്ചത് താത്കാലികമായി പുനഃസ്ഥാപിച്ചത്. കഴിഞ്ഞ ദിവസം നമ്മുടെ സംസ്ഥാനത്ത് പുതിയ വെരിഫിക്കേഷൻ പൂർത്തിയാക്കി. മണ്ണെണ്ണയുമായി ബന്ധപ്പെട്ട പുതിയ വെരിഫിക്കേഷൻ പൂർത്തിയാക്കിയ സന്ദർഭത്തിൽ ഇനിയും മത്സ്യതൊഴിലാളികൾക്ക് സബ്സിഡി റേറ്റിൽ മണ്ണെണ്ണ കൊടുക്കാൻ സാധിച്ചില്ലെങ്കിൽ അതീവ ഗുരുതരമായ രീതിയിൽ മത്സ്യബന്ധനം അസാദ്ധ്യമായിത്തീരും. അതുകൊണ്ട് മണ്ണെണ്ണയുടെ അളവ് പ്രത്യേകമായി വർദ്ധിപ്പിക്കണം. മത്സ്യബന്ധനത്തിനുവേണ്ടി വാങ്ങുന്ന മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നതിന് കേന്ദ്രഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് സമ്മർദ്ദം ചെലുത്തണം. പ്രകൃതിക്ഷോഭത്തിൽ ഇപ്പോഴും കടൽക്ഷോഭം ഉൾപ്പെട്ടിട്ടില്ല. എന്തൊരു വിരോധാഭാസമാണ്? ബഹുമാനപ്പെട്ട ചെയറിനുൾപ്പെടെ അറിയാം നമ്മുടെ നാട്ടിൽ ഒരു കാറ്റും മഴയും വന്ന് ഒരു വാഴയോ കവുങ്ങോ തെങ്ങോ വീണാൽ അത് പ്രകൃതി ക്ഷോഭത്തിലുൾപ്പെടുത്തി സഹായം നൽകും. കടൽക്ഷോഭമുണ്ടായി

മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികളുടെ ജീവനും കടൽക്കരയിലുള്ള അവരുടെ വീടുമെല്ലാം പൂർണ്ണമായും കടലെടുത്തുകൊണ്ടുപോയാലും 100 രൂപ പോലും അവർക്ക് സഹായമായി നൽകാൻ മാർഗ്ഗമില്ല. പ്രകൃതിക്ഷോഭത്തിൽ അതുൾപ്പെടുത്തിയിട്ടില്ല. കേന്ദ്രഗവൺമെന്റിൽ കേരള ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. അത് ലഭിക്കുന്നതുവരെ കേരളാ ഗവൺമെന്റ് ഈ കടൽക്ഷോഭത്തിൽ നഷ്ടം സംഭവിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നെങ്കിലും അവരുടെ വഞ്ചിയും വലയും വീടുകളുമൊക്കെ നഷ്ടപ്പെട്ടാൽ, വീട് പുനർനിർമ്മിക്കുന്നതിനും വഞ്ചിയും വലയുമൊക്കെ ലഭിക്കുന്നതിനുംവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നെങ്കിലും ഇടക്കാല ആശ്വാസം നൽകണം. അതോടൊപ്പം തന്നെ പ്രകൃതിക്ഷോഭ ദുരന്തത്തിൽ അത് ഉൾപ്പെടുത്താൻ വേണ്ടിയുള്ള ഇടപെടൽ വേണം. ശ്രദ്ധക്ഷണിക്കലായതുകൊണ്ട് ഞാൻ ദീർഘമായി പറയുന്നില്ല. വളരെ ഗൗരവമുള്ള ഒരു കാര്യം, കഴിഞ്ഞ 40 വർഷത്തോളമായി കടൽക്കരയിൽ താമസിക്കുന്നവർക്കും കായൽക്കരയിൽ താമസിക്കുന്നവർക്കും പട്ടയമില്ല. നമ്മുടെ മലയോര മേഖലയിലെ ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള കട്ട് ഓഫ് ഡേറ്റ് തീരുമാനിച്ചിട്ടുണ്ട്. തീരപ്രദേശത്ത് പട്ടയമില്ല. ഞങ്ങൾ ഈ പതിമൂന്ന് ദിവസം കാസർഗോഡ് കസബ കടപ്പുറത്തു

നിന്നും തിരുവനന്തപുരം വരെ നടത്തിയ യാത്രയിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണമാലിയിൽ ഈ യാത്രയിൽ പങ്കെടുക്കുകയുണ്ടായി. അദ്ദേഹം കണ്ണമാലി കടപ്പുറത്ത് വന്നപ്പോൾ തന്നെ അവിടെ കൂടിയ പാവപ്പെട്ട ദരിദ്രരായ അമ്മമാരും സഹോദരിമാരും ഉൾപ്പെടെയുള്ള ആളുകൾ മുഖ്യമന്ത്രിയോട് പറഞ്ഞത് മത്സ്യത്തൊഴിലാളികളുടെ പട്ടയത്തിന്റെ കാര്യമാണ്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി കാസർഗോഡ് കസബയിലും ആലപ്പുഴയിലും ഉൾപ്പെടെ പങ്കെടുക്കുകയുണ്ടായി. അവിടെയും ആവശ്യപ്പെട്ടത് പട്ടയത്തിന്റെ പ്രശ്നമാണ്. 40 വർഷത്തോളമായി കടൽക്കരയിൽ താമസിക്കുന്ന, കായൽക്കരയിൽ താമസിക്കുന്നവർക്ക് പട്ടയമില്ല. നമുക്ക് ന്യായീകരണം വേണമെങ്കിൽ CRZ-ന്റെ പേരുപറയാം. അവർക്ക് കൈവശാവകാശ രേഖ കൊടുക്കാൻ തീരുമാനിക്കുകയും പട്ടയം കൊടുക്കണമെന്നുള്ള കാര്യം തത്വത്തിൽ അംഗീകരിക്കുകയും ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കും. ഇക്കാര്യം തത്വത്തിൽ അംഗീകരിക്കുകയും കൈവശരേഖ കൊടുക്കുകയും CRZ-ൽ ഇളവ് ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുകയും വേണം. തീരദേശ ജനങ്ങളുടെ കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ് പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജനം. കേരളത്തിലെ 44 നദികളിൽ 43 നദികളും പടിഞ്ഞാറോട്ട് ഒഴുകുന്നതാണ്.

കേരളത്തിൽ മാത്രമാണ് ലോകത്തിൽ ചാകരയുള്ളത്. ചാകര എന്ന പ്രതിഭാസം ഉണ്ടാകാൻ തന്നെ കാരണം നമ്മുടെ നദികളിൽനിന്നും ഒഴുകിവരുന്ന എക്കലുകളെല്ലാം കടലിൽ വരുന്നതുകൊണ്ടാണ്. ലോകത്ത് വേറെയൊരിടത്തും ചാകരയെന്ന പ്രതിഭാസമില്ല. പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നേരത്തെയുണ്ടായിരുന്നത് ഉപേക്ഷിച്ചതാണ്. അതുകൂടി യാഥാർത്ഥ്യമായാൽ ചാകരയില്ലാതാകും, നമ്മുടെ നദികളിലുള്ള മത്സ്യബന്ധനമില്ലാതാകും, നമ്മുടെ കൃഷിയേയും കുടിവെള്ളത്തേയും ബാധിക്കും. ഇത്തരം കാര്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. ഈ വരുന്ന മാർച്ച് 16-ാം തീയതി തിങ്കളാഴ്ച കേരളത്തിൽനിന്നുള്ള എം.പി.മാരുടെ പിന്തുണയോടുകൂടി തീരദേശ എം.എൽ.എ.മാരായ ഞാനും സർവ്വശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ഹൈബി ഈഡൻ, പി. എ. മാധവൻ എന്നിവർ ചേർന്ന് പാർലമെന്റ് മാർച്ച് നടത്തുകയാണ്. കേരളാ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ കാര്യത്തിലിടപെട്ട് പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിമാരെയും കണ്ടിട്ടുള്ളതറിയാം. അതിൽ ഇതുവരെ നടപടിയുണ്ടായിട്ടില്ല. ഈകാര്യത്തിലടപെടണം. കേരളത്തിലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളെ അതീവ ഗുരുതരമായി ബാധിക്കുന്ന ഈ പ്രശ്നം, ഇന്നീ സഭ ചർച്ച ചെയ്ത പ്രധാനപ്പെട്ട കാര്യം ആദിവാസികളുമായി

ബന്ധപ്പെട്ടുള്ളതാണ്, അതുകഴിഞ്ഞാൽ ഏറ്റവും ദുരിതപൂർണ്ണമായ ജീവിത സാഹചര്യമുള്ള ഒരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളി സമൂഹം. അവരുടെ ഈ ദുരന്തങ്ങൾക്കും ദുരിതങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് മുൻകൈയെടുക്കണം. മുഖ്യമന്ത്രി ഈ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണം. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി.എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ച പ്രശ്നം അതീവ ഗുരുതരമായിട്ടുള്ള ഒന്നാണ്. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ പരമ്പരാഗതമായിട്ടുതന്നെ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നവരാണ്. അവിടെ ജീവിത സൗകര്യങ്ങൾ വളരെ കുറവാണ്. കടൽതീരത്താണ് താമസിക്കുന്നതെങ്കിലും കുടിവെള്ളത്തിനുവേണ്ടി വളരെയേറെ ബുദ്ധിമുട്ടുകയാണ്. ഗതാഗത സൗകര്യങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ എല്ലാം പരമ്പരാഗതമായി അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. അതിനുപുറമെയാണ് അടുത്തകാലത്തുണ്ടായിട്ടുള്ള പല പ്രശ്നങ്ങളും. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ആഗസ്റ്റ് മാസം 14-ാം തീയതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. അതിലെ ശിപാർശകൾ

മത്സ്യത്തൊഴിലാളികൾക്ക് പലവിധത്തിൽ ദോഷംചെയ്യുന്നതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ നവംബർ മാസം 12, 28 എന്നീ തീയതികളിൽ കേന്ദ്രസർക്കാർ ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഏറ്റവും ഗുരുതരമായി ബാധിക്കും. അത് സംസ്ഥാന ഗവൺമെന്റിന് ബോധ്യപ്പെടുകയും ഈ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഗവൺമെന്റ് ഈ ആവശ്യവുമായി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കും, സമ്മർദ്ദം ചെലുത്തും എന്നുപറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു കാരണവശാലും അത് സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കില്ല എന്നുമാത്രമല്ല, കേന്ദ്രഗവൺമെന്റിൽ നമ്മുടെ എല്ലാ കഴിവുകളും വിനിയോഗിക്കുകയും ചെയ്യും. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പേരിൽ മലയോരപ്രദേശത്ത് വളരെയേറെ ഒച്ചപ്പാടുകൾ ഉണ്ടായി. അവിടെ വരാൻപോകുന്ന നിയന്ത്രണങ്ങൾക്കെതിരായിട്ടാണ് പ്രതിഷേധമെങ്കിൽ ഈ കടലോരങ്ങളിൽ ഒരു ദാക്ഷിണ്യവുമില്ലാതെ നടപ്പിലാക്കിയ തീരദേശ നിയന്ത്രിണ വിജ്ഞാപനം (സി.ആർ.ഇസഡ്)-നെതിരായിട്ടാണ് രോഷമുയർന്നിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുതുക്കിപ്പണിയാൻ, ഒരു എക്സ്റ്റൻഷനെടുക്കാൻ, ചെറിയ

എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻപോലും സാധ്യമല്ല. അവർ എന്തുചെയ്യും? മത്സ്യത്തൊഴിലാളികൾക്ക് മറ്റൊരിടത്തുപോയി താമസിക്കാൻ കഴിയില്ല. വീടില്ലാത്തവർക്ക് വീട് വയ്ക്കാനോ, വീട് പുതിക്കിപ്പണിയാനോ, ഒരു എക്സ്റ്റൻഷൻ എടുക്കാനോ ഒന്നും സാധിക്കാതെവന്നിരിക്കുകയാണ്. അതിനെതിരെ സംസ്ഥാന ഗവൺമെന്റ് വളരെ ആഴത്തിൽ പഠിച്ച് വ്യക്തമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകി. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി കേരളത്തിൽവന്ന് തെളിവെടുപ്പുനടത്തി. അവിടെ നമുക്കനുകൂലമായൊരു റിപ്പോർട്ട് കൊടുക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും അതിനുവേണ്ടിയുള്ള ശ്രമങ്ങളും മുമ്പോട്ടുനീങ്ങും. ഡോ. സെയ്ത്തറാവു കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞു. ആ റിപ്പോർട്ടിലെ ശിപാർശകളും മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമായതുകൊണ്ട് തള്ളിക്കളയണമെന്ന ആവശ്യം നമ്മൾ ഉന്നയിക്കുന്നതാണ്. മത്സ്യമേഖലയിലെ പ്രത്യേക മണ്ണെണ്ണ ക്വാട്ട സംബന്ധിച്ച പ്രശ്നം വളരെ വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്ന ഒന്നാണ്. ഇപ്പോൾ നമുക്ക് ഗാർഹിക ആവശ്യങ്ങൾക്കായി കിട്ടുന്ന മണ്ണെണ്ണയിൽനിന്നാണ് ഒരു പോർഷൻ കൊടുക്കുന്നത്. അതുപോലും നിറുത്തി. പക്ഷെ കഴിഞ്ഞമാസം പ്രതിപക്ഷ നേതാവും ഞാനുംകൂടി പോയി പ്രധാനമന്ത്രിയെ

കണ്ടതിന്റെ പേരിൽ താല്ക്കാലികമായിട്ടത് പുന:സ്ഥാപിച്ചു. ഏത് സമയത്തും അത് നിറുത്തലാക്കാവുന്ന സ്ഥിതിയിലാണ്. അതിനും നമ്മൾ കാര്യമായിട്ടുള്ള ശ്രമങ്ങൾ നടത്തും എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കടലാക്രമണം പ്രകൃതിക്ഷോഭമായി അംഗീകരിക്കുന്നില്ല എന്നത് ഒരു വിരോധാഭാസമാണ്. എന്താണ് അതിന്റെ ന്യായം എന്നെനിക്കറിയില്ല.

ശ്രീ. സി. ദിവാകരൻ : സർ, മത്സ്യത്തൊഴിലാളികളുടെ പ്രധാനപ്പെട്ടൊരാവശ്യമാണ് മണ്ണെണ്ണ. ഐ.ഒ.സി.യിൽനിന്ന് ഇഷ്ടംപോലെ മണ്ണെണ്ണ വാങ്ങാം. മണ്ണെണ്ണ തരാൻ അവർ തയ്യാറാണ്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 45 രൂപയാണ്. നമ്മൾ പത്തോ ഇരുപതോ രൂപ സബ്സിഡിയിട്ട് കൊടുത്താൽ ഈ പ്രശ്നം പരഹരിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. പക്ഷെ നമ്മുടെ സബ്സിഡി തുക വളരെ വർദ്ധിക്കും. വളരെക്കൂടുതൽ അതിന് സബ്സിഡി കൊടുക്കേണ്ടിവരും. അതുകൊണ്ട് നമ്മൾ കേന്ദ്ര ഗവൺമെന്റിൽനിന്ന് പരമാവധി വാങ്ങാൻ ശ്രമിക്കുകയാണ്. മറ്റ് നിർദ്ദേശവും ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട് എന്നുപറയാൻ ആഗ്രഹിക്കുകയാണ്. കടലാക്രമണം ഒരു പ്രകൃതിക്ഷോഭമായി കണക്കാക്കുന്നില്ല. എന്താണ് അതിന്റെ ന്യായം എന്നെനിക്ക് മനസ്സിലാക്കാൻ

കഴിയുന്നില്ല. മൂന്നുകാര്യങ്ങളുണ്ടായിരുന്നു, അതിൽ വളരെ നിർബന്ധിച്ച് ഒന്ന് അംഗീകരിച്ചു. പാമ്പുകടിച്ച് മരിച്ചാൽ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റെടുത്തു. മറ്റ് രണ്ടുകാര്യങ്ങളെന്നുപറയുന്നത് ഒന്ന്,കടലാക്രമണം രണ്ട്, ഇടിവെട്ട്. ഇതുരണ്ടും പ്രകൃതിക്ഷോഭമല്ലെങ്കിൽ പിന്നെ ഏതാണ് പ്രകൃതിക്ഷോഭം ? ആർക്കും ഒരു നിയന്ത്രണവുമില്ലാതെ വരുന്ന അപകടങ്ങളാണിവ. ഏതായാലും കടലാക്രമണംകൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പട്ടയത്തിന്റെ കാര്യത്തിൽ എന്തുതടസ്സമുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും എന്നുപറയാനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

മി. ചെയർമാൻ : ശ്രീ. ടി. എൻ. പ്രതാപൻ അങ്ങ് തീരദേശ യാത്ര നടത്തിയ ആളല്ലേ; അതിനെക്കുറിച്ച് എന്തെങ്കിലും പറയണമെങ്കിൽ പറയാം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, പിറന്ന മണ്ണിൽ ജീവിക്കാനായെന്ന മുദ്രാവാക്യവുമായി ബന്ധപ്പെട്ടാണ് തീരദേശ യാത്ര നടത്തിയത്. മത്സ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ത് പ്രയാസം സഹിച്ചായാലും നടപടി സ്വീകരിക്കുമെന്ന് പറഞ്ഞതിനുള്ള പ്രത്യേകമായ നന്ദി രേഖപ്പെടുത്തുകയാണ്. തീരദേശത്തെ ജനങ്ങളുടെ

നാൽപ്പതോളം പ്രധാനപ്പെട്ട അവകാശങ്ങളാണ് ഈ യാത്രയുമായി ബന്ധപ്പെട്ട് രാഷ്ട്രീയ-മത-ജാതി പരിഗണനകൾക്ക് അതീതമായി ജനങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുള്ളത്. ഇത് ചർച്ച ചെയ്യുന്നതിനുവേണ്ടി തീരദേശ എം.എൽ.എ.മാർ, ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ എന്നിവരെ ഉൾപ്പെടുത്തി ബഡ്ജറ്റ് സെഷൻ നടക്കുന്ന സന്ദർഭത്തിൽതന്നെ ഒരു ഉന്നതതല യോഗം വിളിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താലാപര്യമെടുക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം നിശ്ചയമായും പരിഗണിക്കും. തീരദേശ എം.എൽ.എ.മാരുടെ യോഗം വിളിച്ച് ഈ കാര്യങ്ങൾ ചർച്ചചെയ്ത് അതിന്റെ നടപടികളുമായി മുന്നോട്ടുപോകാം.

<u>കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. പി. കെ. ഗുരുദാസൻ :</u> സർ, കേരളത്തിലെ മൂന്നുലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. വിവിധ കാരണങ്ങളുടെ പേരിൽ ഫാക്ടറികൾ അടച്ചിടുക, നിയമവിരുദ്ധമായി ഫാക്ടറികൾ കൈമാറ്റം ചെയ്യുക ഈ നിലയ്ക്ക് കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്ന മുതലാളിമാർ നിരവധിയാണ്. കശുവണ്ടി വ്യവസായത്തിന്റെ ചരിത്രം പരിശോധിച്ചാൽ നമുക്കിത് മനസ്സിലാക്കാൻ കഴിയും. തൊഴിലാളികളുടെ

അവകാശങ്ങളെല്ലാം നിഷേധിക്കുന്ന പശ്ചാത്തലത്തിലാണ് 1967-69 കാലഘട്ടത്തിൽ ഇ.എം.എസ് ഗവൺമെന്റ് കശുവണ്ടി വികസന കോർപ്പറേഷൻ രൂപീകരിക്കുന്നത്. ആ കശുവണ്ടി വികസന കോർപ്പറേഷൻ കുറേ ഫാക്ടറികൾ പിന്നീട് ഏറ്റെടുത്തു. അതല്ല ഇവിടെ പ്രധാനമായും ഞാൻ പറയുന്നത്. 1984-86 കാലഘട്ടത്തിൽ കാപ്പക്സ് എന്ന സഹകരണ സ്ഥാപനം പത്തു ഫാക്ടറികൾ ഏറ്റെടുത്തിരുന്നു. ഈ പത്തു ഫാക്ടറികൾ വിട്ടുകൊടുക്കണമെന്നുപറഞ്ഞുകൊണ്ട് 2015 ഫെബ്രുവരി മാസം 4-ാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധി വന്നിട്ടുണ്ട്. അയ്യായിരത്തിലധികം തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തിൽ ഒരു ഇടിത്തീവീണതുപോലെയാണ് ഈ വിധി വന്നിരിക്കുന്നത്. ഈ വിഷയം അതീവ ഗൗരവതരമാണ്. 1974-ലെ കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ട്, 1995-ലെ കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെന്റ്മെന്റ് ആക്ട് എന്നിവയനുസരിച്ച് ഏറ്റെടുത്ത ഫാക്ടറികളാണ്. 1974-ലെ കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ടിലെ 3(1) വകുപ്പും 1995-ലെ കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെന്റ്മെന്റ് ആക്ടിലെ 3(എ) വകുപ്പും അസാധുവാക്കിക്കൊണ്ടാണ് ആ ഫാക്ടറികൾ ഏറ്റെടുത്തിട്ടുള്ളത്. 2015 ഫെബ്രുവരി 4-ലെ സുപ്രീം കോടതി വിധി

അടിസ്ഥാനമായുള്ള എരുവാ ഫാക്ടറി - ഒരു മുസലിയാർ ഇൻഡസ്ട്രീസിലെ സുഹറാ ബീവി എന്ന ഉടമയുടെ പേരിലുള്ള ഫാക്ടറിയാണത്. അത് നടത്തുന്നത് രാജ്മോഹൻ കാഷ്യൂസാണ്. യഥാർത്ഥത്തിൽ അവർ ഈ വ്യവസായത്തിൽ നിന്നുതന്നെ പോയവരാണ്. അവരുടെ ഭർത്താവിന്റെ പേരിലാണ് ആ കേസ് നടത്തുന്നത്. 19-09-1985-ലാണ് എരുവാ ഫാക്ടറിക്ക് ഗവൺമെന്റ് നോട്ടീസ് നൽകിയത്. ആവശ്യത്തിന് സമയം കൊടുത്തതിനുശേഷം 1986 ജൂണിലാണ് ഈ ഫാക്ടറികൾ ഏറ്റെടുത്തത്. 1980-കളിൽ കേരളത്തിലെ കശുവണ്ടി വ്യവസായികൾ വലിയ പ്രതിസന്ധി സൃഷ്ടിച്ചതാണ്. കാഷ്യൂ കോർപ്പറേഷൻ ഓഫ് ഇന്ത്യ തോട്ടണ്ടി സംഭരിച്ചുകൊണ്ട് കേരളത്തിലെ കശുവണ്ടി വ്യവസായികൾക്ക് വിതരണം ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു. ആ തോട്ടണ്ടി ഏറ്റെടുക്കാതെ വ്യവസായം സ്തംഭിപ്പിച്ച നടപടികളാണ് മുതലാളിമാർ സ്വീകരിച്ചത്. അങ്ങനെ തോട്ടണ്ടി ഏറ്റെടുക്കാൻ വിസമ്മതിക്കുകയും രൂക്ഷമായ തൊഴിലില്ലായ്മയുണ്ടാവുകയും ചെയ്ത പശ്ചാത്തലത്തിലാണ് 1988-ൽ കശുവണ്ടി വികസന കോർപ്പറേഷൻ വീണ്ടും 36 ഫാക്ടറികൾകൂടി ഏറ്റെടുത്തത്. 1984-ൽ സഹകരണ സ്ഥാപനങ്ങളുടെ അപെക്സ് ബോഡിയായ കാപെക്സ് ഏറ്റെടുത്ത പത്ത് ഫാക്ടറികളാണ് ഇന്ന് പ്രതിസന്ധിയിൽ എത്തിപ്പെട്ടിരിക്കുന്നത്. ഈ ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുക്കാൻ

നിർബന്ധിതമായതാണ്. പ്രസ്തുത 36 ഫാക്ടറികളും 1994-ൽ, അങ്ങയുടെ ഗവൺമെന്റിന്റെ കാലത്തുതന്നെ സ്വകാര്യ മുതലാളിമാർക്ക് തിരിച്ചുകൊടുത്തു. ഗവൺമെന്റ് ഏറ്റെടുത്ത ഫാക്ടറികൾ തിരിച്ചുകൊടുക്കാൻ 20-01-1994-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് 36 ഫാക്ടറികൾ തിരിച്ചുകൊടുത്തു. 1995-ൽ കാപെക്സ് ഫാക്ടറികൾ സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമമാണ് അമെന്റ്മെന്റ് ആക്ട്. പ്രസ്തുത ആക്ട് അനുസരിച്ചുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയാണ് ഈ ഫാക്ടറികൾ ഏറ്റെടുത്തതെങ്കിൽപ്പോലും സുപ്രീം കോടതി പിന്നീട് ഈ ഫാക്ടറികൾ വിട്ടുകൊടുക്കാൻ വിധിക്കുകയും അവസാനം അന്നത്തെ ഗവൺമെന്റ് 1995-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പോളജി എഴുതിക്കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1996-ൽ ഈ ഫാക്ടറികൾ സംരക്ഷിക്കാൻ സുപ്രീം കോടതി കേരളാ ഗവൺമെന്റിനെ അനുവദിക്കുകയുമാണുണ്ടായത്. ഇപ്രകാരം സംരക്ഷിക്കപ്പെട്ട പത്ത് ഫാക്ടറികളുടെ മുതലാളിമാർ കൊടുത്ത കേസിൽ, ഇവർക്ക് കോമ്പൻസേഷൻ കൊടുക്കണമെന്ന് 2005 ആഗസ്റ്റ് 21-ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ, ജസ്റ്റിസ് എം. എൻ. കൃഷ്ണൻ എന്നിവരുടെ ഡിവിഷൻ ബെഞ്ച് ഇവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുവേണ്ടി

കളക്ടർമാരെ അധികാരപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പത്ത് ഫാക്ടറികളിൽ എട്ട് ഫാക്ടറികൾക്ക് കോമ്പൻസേഷൻ കൊടുത്തു. അതിൽ ഏഴ് ഫാക്ടറി ഉടമകൾ കോമ്പൻസേഷൻ പൂർണ്ണമായും വാങ്ങി. ഒരു ഫാക്ടറി ഉടമ ഡിസന്റോടുകൂടിയാണ് കോമ്പൻസേഷൻ വാങ്ങിയത്. ബാക്കി രണ്ട് ഫാക്ടറി ഉടമകൾ കോമ്പൻസേഷൻ വാങ്ങിയില്ല. ആ രണ്ട് ഫാക്ടറി ഉടമകളിൽ ഒരാളാണ് ഇപ്രകാരം കേസിന് പോയത്. ഹൈക്കോടതി നടപടികളൊന്നും ശ്രദ്ധിക്കാതെ സുപ്രീം കോടതിയിൽ ഗവൺമെന്റിനുവേണ്ടി കേസ് വാദിച്ച സീനിയർ അഡ്വക്കേറ്റ് ശ്രീ. വി. ഗിരി യഥാർത്ഥത്തിൽ ഗവൺമെന്റിനെയും തൊഴിലാളികളെയും ചതിക്കുന്ന രീതിയിലുള്ള ഗുരുതരമായ തെറ്റാണ് ചെയ്തത്. അദ്ദേഹം ഈ കേസ് നല്ലതുപോലെ മനസ്സിലാക്കിയില്ല. When the Hon'ble Supreme Court repeatedly asked him if action has been taken under Section 3(1) or 3(a) of the Amendment Act to acquire any of the cashew factories before us എന്ന് ചോദിച്ചപ്പോൾ his candid answer was 'no' എന്നായിരുന്നു. നിഷ്കളങ്കനായ അദ്ദേഹം അപ്രകാരം ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് പറഞ്ഞു. ഇങ്ങനെ നടപടിയൊന്നും സ്വീകരിക്കാതിരുന്ന പശ്ചാത്തലത്തിലാണ് ഈ ഫാക്ടറികൾ വിട്ടുകൊടുക്കാൻ ബഹുമാനപ്പെട്ട സുപ്രീം

കോടതി വിധി പുറപ്പെടുവിച്ചത്. ശരിക്കുപറഞ്ഞാൽ 2005-ലെ വിധി നമ്മുടെ ഗവൺമെന്റോ ഗവൺമെന്റ് പ്ലീഡറോ ഇതൊന്നുംതന്നെ മനസ്സിലാക്കി കേസ് കൈകാര്യം ചെയ്യാതിരുന്നതിന്റെ ഫലമായുണ്ടായതാണ്. എന്റെ റിക്വസ്റ്റ്, ഗവൺമെന്റ് ഈ കേസിൽ റിവ്യൂ പെറ്റീഷൻ കൊടുക്കണം. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ തൊഴിലാളി സംഘടനകളും കാപെക്സ് ഡയറക്ടർ ബോർഡും കക്ഷി ചേർന്നിരുന്നു. പക്ഷെ സുപ്രീം കോടതിയിൽ ഇവരൊന്നും കക്ഷി ചേർന്നിട്ടില്ല. സുപ്രീം കോടതിയിൽ ഇവരെയെല്ലാം കക്ഷി ചേർക്കുന്ന കാര്യത്തിൽ ഗവൺമെന്റാണ് നടപടി സ്വീകരിക്കേണ്ടത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളും ഇപ്രകാരമൊരു പ്രതിസന്ധി നേരിടുകയാണ്. 2010 അവസാനത്തിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോർപ്പറേഷന്റെ കീഴിലുള്ള 20 ഫാക്ടറികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവന്നിരുന്നു. അതും അക്വിസിഷൻ അമെന്റ്മെന്റ് ആക്ടാണ്. അതിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങാൻ കാലതാമസം വന്നതിനാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിന്റെ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനുവേണ്ടി മാറ്റിവച്ച തുകയായ 25 കോടി രൂപ നൽകാമെന്ന് പ്രതിപക്ഷത്തിന്റെ ആവശ്യപ്രകാരം അന്ന്

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. ഇതുവരെ ആ തുക കൊടുത്തില്ല. തുക കൊടുക്കാത്തതിന്റെ ഫലമായി ആ ഫാക്ടറികളും ഇന്ന് പ്രതിസന്ധിയിലാണ്. ഇപ്പോൾ കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. അതും ഒരു വെല്ലുവിളിയാണ്. കാഷ്യൂ കോർപ്പറേഷനെയും കാപെക്സിനെയും തകർക്കുന്ന ഈ നയത്തിൽ നിന്നും ഗവൺമെന്റ് പിന്മാറാണം. 5000 തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ ഈ വിഷയത്തിൽ ഗവൺമെന്റ് റിവ്യൂ പെറ്റീഷൻ കൊടുക്കണം. ആ കേസിൽ തൊഴിലാളി സംഘടനകളെയും കാപെക്സിനെയും കക്ഷി ചേർക്കണം. ഈ നിലയ്ക്ക് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ അടിയന്തരമായ നടപടി സ്വീകരിക്കണം എന്നതാണ് എന്റെ റിക്വസ്റ്റ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. കാപെക്സിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. കാപെക്സ് ഫാക്ടറികളുടെ കേസ് യഥാർത്ഥത്തിൽ ഒരു ഫാക്ടറി ഉടമ തന്റെ ഫാക്ടറി തിരികെ വിട്ടുകിട്ടുന്നതിനുവേണ്ടി ഫയൽ ചെയ്ത കേസാണ്. ഒരെണ്ണം ചോദിച്ചുവന്നവർക്ക് പത്തെണ്ണം കൊടുത്തിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. ആ കേസ്

നടത്തിപ്പിൽ വളരെയധികം തകരാറുണ്ടായിട്ടുണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുകയാണ്. ഈ വിഷയം കാപെക്സ് ചെയർമാനും അതുപോലെതന്നെ ബാക്കിയുള്ളവരും തക്കസമയത്ത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിരുന്നു. ഗവൺമെന്റിന്റെ ശ്രദ്ധയിൽ തക്കസമയത്ത് ഈ വിഷയം പെടുത്താതെ കേസ് കൈകാര്യം ചെയ്തതിനാൽ വളരെയേറെ തകരാറുണ്ടായിട്ടുണ്ട്. ഞാനിത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഗവൺമെന്റ് ഇപ്പോൾ റിവ്യൂ ഫയൽ ചെയ്തിട്ടുണ്ട്. കോമ്പൻസേഷൻ വാങ്ങിയവർക്കുകൂടി ഫാക്ടറി വിട്ടുകൊടുക്കുന്ന വിധിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. അത് എന്തായാലും സമ്മതിച്ചുകൊടുക്കാനാവില്ല. അതുകൊണ്ടുതന്നെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതി വിധിയിൽ പാറ്റന്റായിട്ടുള്ള മിസ്റ്റേക്കുണ്ടെങ്കിൽ റിവ്യൂ പെറ്റീഷൻ ഫലിക്കണം. ഇത് മിസ്റ്റേക്ക് തന്നെയാണ്. കോമ്പൻസേഷൻ വാങ്ങി പോയവർക്ക് കേസില്ല. ഒരാൾ കേസിന് പോയതിനെത്തുടർന്ന് എല്ലാവർക്കും ഫാക്ടറി വിട്ടുകൊടുക്കണമെന്ന വിധി വന്നാൽ എന്തുചെയ്യും? റിവ്യൂ പെറ്റീഷൻ സുപ്രീം കോടതിയുടെ സെയിം ബെഞ്ചിലാണ് വരുന്നത്. പ്രസ്തുത വിധി തീർച്ചയായും റിവ്യൂ ചെയ്യുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അഥവാ റിവ്യൂ

ചെയ്തില്ലെങ്കിൽ നിയമനിർമ്മാണം നടത്തേണ്ടിവരും. അല്ലാതെ ഫാക്ടറികൾ ഈ സ്റ്റേജിൽ വിട്ടുകൊടുക്കാൻ കഴിയില്ല. വേണ്ടിവന്നാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം ഞാൻ മന്ത്രിസഭ മുമ്പാകെ കൊണ്ടുവന്നിട്ടുണ്ട്. അതിന്മേൽ നിയമോപദേശം തേടിയിരിക്കുകയാണ്. വേണ്ടിവന്നാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തും. ഫാക്ടറികൾ വിട്ടുകൊടുക്കുമെന്നുള്ള ആശങ്ക വേണ്ടെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്. കോമ്പൻസേഷൻ കൊടുക്കേണ്ടിവരുമോ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് നമുക്ക് പിന്നീട് പരിശോധിക്കാം. കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികളെ സംബന്ധിച്ചുള്ള നിലപാടും അതുതന്നെയാണ്. ഇപ്പോൾ കാഷ്യൂ ഫാക്ടറികൾക്ക് പ്രവർത്തിക്കാൻ കഴിയാതെ വർക്കിംഗ് ക്യാപ്പിറ്റലിന്റെ കുറവുവന്ന ഇഷ്യൂ അത് വേറെ ഒന്നാണ്. നാല് കൊല്ലം കാഷ്യൂ ഫാക്ടറികൾ നന്നായി വർക്ക് ചെയ്യിപ്പിച്ചിട്ടുണ്ട്. മാക്സിമം ജോലിയും കൊടുത്തിട്ടുണ്ട്. ആൾ പാർട്ടി ബോർഡാണ് കാര്യങ്ങൾ നടത്തുന്നത്. വെൽഫെയർ ആക്ടിവിറ്റി എന്ന നിലയ്ക്ക് ലാഭനഷ്ടം നോക്കാതെ ഫണ്ട് കൊടുക്കുകയായിരുന്നു. ഇവിടെ ഓരോ ഇൻസ്പെക്ഷൻ വിംഗ് ഉണ്ട്. അവർ ഓരോ ഘട്ടത്തിൽ ഇൻസ്പെക്ട് ചെയ്ത് ഈ പ്രാക്ടീസ് ശരിയല്ലെന്ന് എഴുതി ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കും. ധനകാര്യ വകുപ്പിലേയ്ക്ക് ഇൻസ്പെക്ഷൻ

വിംഗും മറ്റും ഇങ്ങനെ എഴുതി അയച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഫണ്ട് കൊടുക്കുന്നത് ശരിയല്ല, ഫണ്ട് കൊടുക്കുന്നതിൽ അപാകതയുണ്ടെന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പോയിന്റൗട്ട് ചെയ്തിരിക്കുകയാണ്. എന്നാൽ ഇത് ഒരു വെൽഫെയർ ആക്ടിവിറ്റിപോലെ തന്നെ നടക്കുകയാണ്, ലാഭനഷ്ടം മാത്രം നോക്കി പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്ന നിലപാട് വ്യവസായ വകുപ്പും എടുത്തിരിക്കുകയാണ്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇത്രയധികം തൊഴിലാളികളുടെ കാര്യം വരുമ്പോൾ ലാഭനഷ്ടം മാത്രം നോക്കി കൊടുക്കാൻ കഴിയില്ലെന്ന നിലപാട് തന്നെയാണ് നമ്മൾ എടുക്കുന്നത്. മാത്രമല്ല ഈ ഗവൺമെന്റ് വന്ന് ആദ്യത്തെ വർഷം കഴിഞ്ഞപ്പോൾ അന്നത്തെ വ്യവസായ വകുപ്പുസെക്രട്ടറി ഇങ്ങനെയൊരു നിലപാട് എടുത്തു, STC മുഖാന്തിരം വാങ്ങാൻ ശ്രമം നടത്തി. ആ ഒരു വർഷം മാത്രം കാഷ്യൂ ഫാക്ടറികൾ അടഞ്ഞു കിടക്കുന്ന സ്ഥിതി വന്നു, തൊഴിൽ ദിനം കുറയുകയും ചെയ്തു. അതുകൊണ്ട് അതിൽ നിന്നും പിൻമാറി. പ്രതിസന്ധി ഇപ്പോൾ ഉണ്ട്. ബഡ്ജറ്റിലുള്ള 13 കോടി രൂപ കൊടുക്കണമെന്നത് ക്യാബിനറ്റിന്റെ പരിഗണനയിലാണ്. ഈ വിഷയമൊട്ടാകെ ക്യാബിനറ്റിന്റെ പരിഗണനയിലാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 13 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷൻ പോലും കൊടുത്തിട്ടില്ല. കോർപ്പറേഷൻ ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. കാപെക്സ് ഫാക്ടറിയുമായി ബന്ധപ്പെട്ട റിവ്യൂ പെറ്റീഷൻ കൊടുക്കുമ്പോൾ റിവ്യൂ പെറ്റീഷനിൽ കക്ഷിചേരാൻ പത്ത് സൊസൈറ്റികൾക്കും അപെക്സ് ബോഡിയായ കാപെക്സിനും തൊഴിലാളി സംഘടനകൾക്കും അവസരം കൊടുക്കുമോ; അതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തൊഴിലാളി നേതാക്കളുമായി ചർച്ച നടത്താം. റിവ്യൂ പെറ്റീഷൻ പരിഗണനയ്ക്ക് വരുന്നതിനുമുമ്പുതന്നെ ഏത് സീനിയർ അഡ്വക്കേറ്റിനെ വയ്ക്കാമെന്നുള്ളതിനെ സംബന്ധിച്ച് തീരുമാനിക്കാം. തൊഴിലാളി പ്രതിനിധികൾ കക്ഷി ചേരുന്നതിനുള്ള സാധ്യത ലീഗലായി നോക്കാം. ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നമുക്ക് ഒരുമിച്ച് ഒരു മീറ്റിംഗ് വയ്ക്കാം.

ശ്രീ. സി. ദിവാകരൻ: സർ, ലീഗൽ ഫൈറ്റ് കശുവണ്ടി വ്യവസായം തുടങ്ങിയ കാലം മുതൽക്കുള്ളതാണ്. പക്ഷെ, ഇപ്പോൾ അടിയന്തരമായി 13 കോടി രൂപ കൊടുക്കുന്നതിനുവേണ്ടി ക്യാബിനറ്റ് തീരുമാനം എടുത്തിട്ട് ഒരു മാസമായി, എന്നിട്ടും നൽകിയിട്ടില്ല. ബഡ്ജറ്റ് അലോക്കേഷനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം, തുക റിലീസ് ചെയ്യുന്നില്ല. അതാണ് അവിടുത്തെ തൊഴിലാളികളുടെ

ഇപ്പോഴത്തെ പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം അറിയാം. ഫണ്ട് റിലീസ് ചെയ്തിട്ടില്ല. അത് ഏറ്റവും വേഗത്തിൽ റിലീസ് ചെയ്യും. ഫണ്ട് റിലീസ് ചെയ്യേണ്ടത് അവിടെ ഫാക്ടറികൾ നടത്തിക്കൊണ്ടുപോകേണ്ടതിന്റെ ഏറ്റവും പ്രധാന ആവശ്യമാണ്. അതുകൊണ്ട് അതിനുള്ള സാഹചര്യം ഉണ്ടാക്കും. വ്യവസായ വകുപ്പുമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ഇക്കാര്യം ഇന്നലെ വൈകുന്നേരവും ചർച്ച ചെയ്തു. അതുസംബന്ധിച്ച തീരുമാനം ഉടൻ ഉണ്ടാകും.